പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 181

26/09/2011 ൽ മറുപടിക്ക്

## ഓണക്കാലത്തെ കേന്ദ്രസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഈ ഓണക്കാലത്ത് കേന്ദ്ര സഹായമായി കേരളത്തിന് അധികമായി എത്ര ടൺ അരി ലഭിച്ചിരുന്നു ; | (എ) ഈ ഓണക്കാലത്ത് കേന്ദ്ര സഹായമായി 54000 മെ.ടൺ അരി അധിക വിഹിതമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) അരി കൂടാതെ മറ്റെന്തെല്ലാം ഭക്ഷ്യ സാധനങ്ങൾ ഓണക്കാലത്ത് അധികമായി കേന്ദ്രത്തിൽനിന്ന് കേരളത്തിന് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ലഭിച്ചിട്ടുണ്ട് ; | (ബി) 27000 മെ.ടൺ ഗോതമ്പും 528 മെ.ടൺ പഞ്ചസാരയും ഓണക്കാലത്ത് അധികമായി കേന്ദ്രം അനുവദിച്ചിട്ടുണ്ട്. |
| (സി) ഭക്ഷ്യസാധനങ്ങൾ എല്ലാംതന്നെ എപ്രകാരമാണ് പൊതു ജനങ്ങൾക്ക് വിതരണം ചെയ്തിരുന്നത് ; വിശദാംശം ലഭ്യമാക്കാമോ ; <br>(ഡി) ഇപ്രകാരം ലഭിച്ച ഭക്ഷ്യസാധനങ്ങൾ പൂർണ്ണമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) & (ഡി) ഓണം സ്പെഷ്യലായി അനുവദിച്ച പഞ്ചസാര ഓണത്തിനു മുമ്പ് തന്നെ വിതരണം തുടങ്ങിയിട്ടുണ്ട് 2/9/2011 ലെ കേന്ദ്രസർക്കാർ ഉത്തരവ് പ്രകാരം ഓണം സ്പെഷ്യലായി ലഭിച്ച അരിയും ഗോതമ്പും 7/9/2011 ന് തന്നെ ജില്ലകൾക്ക് സബ് അലോക്കേറ്റ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഇവ വിട്ടെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സമയപരിധിയായ 30/9/2011 ന് മുൻപ് തന്നെ വിട്ടെടുക്കൽ പ്രക്രിയ പൂർത്തീകരിച്ച് വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.